"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡർ തസ്തികകളിലേയ്ക്ക് താൽകാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2023/ENVT തീയതി,തിരുവനന്തപുരം, 07-11-2023

---

1. 23.07.2023-ലെ സ.ഉ. (സാധാ) 56/2023/പരി. നം. ഉത്തരവ്

പരാമർശം:

2. കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.09.2023-ലെ 4180/A2//2017/KCZMA നമ്പർ കത്ത്.

പരാമർശം: 1. 23.07.2023-ലെ സ.ഉ. (സാധാ) 56/2023/പരി. നം. ഉത്തരവ്

2. കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.09.2023-ലെ 4180/A2/2017/KCZMA നമ്പർ കത്ത്.

**ഉത്തരവ്**

കേരള തീരദേശ പരിപാലന അതോറിറ്റിയിൽ യഥാക്രമം ഓഫീസ് അറ്റൻഡന്റ് തസ്തികയിലും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലും ശ്രീ.സതീഷ് കുമാർ പി.എ, ശ്രീമതി.ഷോജ.പി.എൽ എന്നിവരെ മൂന്ന് മാസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ
താൽക്കാലികമായി നിയമിച്ച തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി സാധൂകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാളുകളുടെ കാലാവധി 30.09.2023 തീയതിയിൽ പൂർത്തിയായി.

2. പത്ത് തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പരാതികളിൽ നടപടി സ്വീകരിക്കുന്നതിനും, കൂടാതെ സി.ആർ.ഇസഡ്. ക്ലിയറൻസിനുള്ള അപേക്ഷകളും, കോടതി വ്യവഹാരങ്ങളും, വിവരാവകാശ അപേക്ഷകളും, CZMP 2019 സംബന്ധിച്ച സ്പഷ്ടീകരണങ്ങളും ഉൾപ്പെടെ ഒരു മാസം ശരാശരി ലഭിക്കുന്ന 300-350 വരെ തപാലുകളിൽ നടപടി സ്വീകരിക്കുന്നതിനും നിലവിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ഓഫീസ് അറ്റൻഡന്റിന്റെയും സേവനം അനിവാര്യമാണെന്നും ആയതിനാൽ ശ്രീ.സതീഷ് കുമാർ.പി.എ. ഓഫീസ് അറ്റൻഡന്റ്, ശ്രീമതി.ഷോജ.പി.എൽ., ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി പരാമർശം (2)-ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സതീഷ് കുമാർ.പി.എ.,

ശ്രീമതി.ഷോജ.പി.എൽ. എന്നിവരെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ യഥാക്രമം ഓഫീസ് അറ്റൻഡന്റ് തസ്തികയിലും, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലും 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, തീരദേശ പരിപാലന അതോറിറ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Nalan A T

Date: 07-11-2023 11:00:29

സെക്ഷൻ ഓഫീസർ